# സംസം

# അൽഭുതം! അനുഗ്രഹീതം!!

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

ഇസ്‌ലാമിന്റെ പ്രമാണങ്ങൾ അല്ലാഹുവിൽ നിന്നും അവതരിച്ച വിശുദ്ധഖുർആനും അതിന്റെ വിശദീകരണമായ പ്രവാചക ചര്യയുമാണ്. ഇവ രണ്ടും മുഹമ്മദ് നബി(ﷺ) പഠിപ്പിച്ചു തന്ന അതേ രൂപത്തിൽ അനുധാവനം ചെയ്യേണ്ടതും ഉൾകൊള്ളേണ്ടതും ഓരോ മുസ്‌ലിമിന്റെയും നിർബ്ബന്ധ ബാധ്യതയാണ്. മനുഷ്യന്റെ ബുദ്ധിക്ക് പരിധിയും പരിമിതിയുമുണ്ട്. ആയതിനാൽ തന്നെ മനുഷ്യന് ഉൾക്കൊള്ളാൻ കഴിയുന്നതും കഴിയാത്തതുമായ കാര്യങ്ങൾ പ്രസ്തുത പ്രമാണങ്ങളിൽ ഉണ്ടാവുകയെന്നത് സ്വാഭാവികമാണ്. യഥാർത്ഥ വിശ്വാസികളെ സംബന്ധിച്ചിടത്തോളം വിശുദ്ധ ഖുർആനിലും സ്വഹീഹായ ഹദീഥുകളിലും ഒരു കാര്യം കണ്ടു കഴിഞ്ഞാൽ അത് അംഗീകരിക്കുക എന്നുള്ളതായിരിക്കണം അവന്റെ നിലപാട്. അവിടെ പരിധിയും പരിമിതിയുമുള്ള ബുദ്ധിയെ അവഗണിച്ചുകൊണ്ട് പ്രമാണങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. അതാണ് പ്രയാചകൻ(ﷺ) നമുക്ക് പഠിപ്പിച്ചു തന്നിരിക്കുന്നത്. അതാണ് സ്വഹാബാക്കൾ തങ്ങളുടെ ജീവിതത്തിലൂടെ നമുക്ക് കാണിച്ചു തന്നത്. അതല്ലാതെ തന്റെ ബുദ്ധിക്കുൾക്കൊള്ളാൻ കഴിയുന്നില്ലായെന്ന് പറഞ്ഞ് പ്രാമണങ്ങളെ തള്ളാവതല്ല. അങ്ങിനെ ഓരോ വ്യക്തികളും അവരവരുടെ ബുദ്ധിക്ക് യോജിക്കാത്തതെല്ലാം തള്ളാൻ തുടങ്ങുകയാണെങ്കിൽ ഓരോരുത്തർക്കും വ്യത്യസ്ഥ നിയമങ്ങളായിരിക്കും ഉണ്ടായിരിക്കുക. ക്രമേണ ഇസ്‌ലാം തന്നെ അപ്രത്യക്ഷമായി തീരുന്നതാണ്. ആയതിനാൽ വിശ്വാസികളെ, ഇസ്‌ലാമിക പ്രമാണങ്ങളിൽ ഒരു കാര്യം ഉണ്ടെന്ന് കൃത്യമായി തെളിഞ്ഞു കഴിഞ്ഞാൽ അത് നാം സ്വീകരിക്കുക. അതാണ് നമ്മുടെ രക്ഷക്കും മോക്ഷത്തിനുമായി നാം സ്വീകരിക്കേണ്ട മാർഗം.

വിശുദ്ധഖുർആനും തിരുസുന്നത്തും മുന്നോട്ട് വെക്കുന്ന അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസങ്ങളിൽ അധികവും ബുദ്ധിയുടെ തുലാസിലിട്ട് തൂക്കി നോക്കി അതെല്ലാം തള്ളിക്കളയുന്ന പ്രവണത വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിച്ചു കൊണ്ടിരിക്കുന്നത്. മീസാൻ, ഹൗള്, സ്വിറാത്ത്, മസീഹ് ദജ്ജാൽ, ശൈത്വാൻ, സിഹ്റ്, കണ്ണേറ്, സംസം... അങ്ങിനെ നീണ്ടുപോകുന്നു 'അഖലിയാക്ക'ളുടെ നിഷേധത്തിന്റെ പട്ടിക. ഹദീഥ് നിദാന ശാസ്ത്രത്തിലെ സാങ്കേതികാർത്ഥങ്ങൾ പോലും കൃത്യമായി മനസിലാക്കാത്തവരാണ് അല്ലാഹുവിന്റെ വഹ്‌യിന്റെ അടിസ്ഥാനത്തിൽ സംസാരിച്ച നബി(ﷺ)യുടെ ഹദീഥുകളെ, സ്വർഗമുണ്ടെന്ന് ഖുർആനിലൂടെ തന്നെ സന്തോഷ വാർത്തയറിയിക്കപ്പെട്ട സ്വഹാബികൾ നമുക്ക് കൈമാറിത്തന്ന മുതവാതിറും ഖബർവാഹിദുമായിട്ടുള്ള ഹദീഥുകളെ, തന്റെബുദ്ധിക്ക് യോജിക്കുന്നില്ല എന്ന ഏക കാരണത്താൽ ജനമധ്യത്തിൽ പരിഹസിക്കുകയും പുച്ഛിച്ചു തള്ളുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ഇസ്‌ലാമിന്റെ പേരിൽ സംസാരിക്കുന്ന ഇത്തരം ആളുകളെ ഓർമ്മപ്പെടുത്താനുള്ളത് പരലോകമെന്നത് പ്രസംഗിക്കുവാനുള്ളത് മാത്രമല്ല, അനുഭവിക്കാനുള്ളതു കൂടിയാണ് എന്നതാണ്!

അല്ലാഹു മാനവർക്ക് അനുഗ്രഹമായി നൽകിയ സംസം എന്ന അത്ഭുത പാനീയം ഹദീഥ് നിഷേധികളുടെ പട്ടികയിൽ ഇന്ന് സ്ഥാനം പിടിച്ചിട്ടുള്ള ഒന്നാണ്. സംസമിന് യാതൊരു പ്രത്യേകതയുമില്ലാ എന്നാണ് അവർ സാധാരണക്കാരിലും തങ്ങളുടെ അനുയായികളിലും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. കൃത്യമായ തെളിവിന്റെ അടിസ്ഥാനത്തിൽ അതിന്റെ സത്യാവസ്ഥയെന്താണെന്ന് ഓരോ മുസ്‌ലിമും മനസിലാക്കേണ്ടതുണ്ട്.

**ഉത്ഭവം**

അല്ലാഹു മനുഷ്യർക്ക് അനുഗ്രഹീതമായി നൽകിയ വെള്ളമാണ് സംസം. അതിന്റെ ഉത്ഭവത്തെ സംബന്ധിച്ചു ഇമാം ബുഖാരി(رَحِمَهُ ٱللَّٰهُ) തന്റെ സ്വഹീഹിൽ ഇപ്രകാരം ഉദ്ധരിച്ചതായി കാണാം:

“ഇബ്രാഹിം(عليه السلام) ഭാര്യ ഹാജറയേയും, തന്റെ ചോരപൈതൽ ഇസ്മാഈൽ(عليه السلام)യെയും കൂട്ടി മക്കയിലേക്ക് പ്രവേശിക്കുന്നു. ആ സന്ദർഭത്തിൽ മക്ക വിജനമായിരുന്നു, അവിടെ വെള്ളമോ ജനവാസമോ കൃഷികളോ ഒന്നും ഉണ്ടായിരുന്നില്ല. ഒരു തോൽ സഞ്ചിയിൽ അൽപം കാരക്കയും കുറച്ച് വെള്ളവുമായിരുന്നു അവരുടെ കൈവശമുണ്ടായിരുന്നത്. ഇബ്രാഹിം(عليه السلام) അവരെ അവിടെ ഉപേക്ഷിച്ചുകൊണ്ട് തിരിച്ചു നടക്കുകയാണ്. അപ്പോൾ ഉമ്മു ഇസ്മാഈൽ ഇബ്രാഹിം(عليه السلام)യെ അനുഗമിച്ചുകൊണ്ട് ചോദിച്ചു: ഈ ചോരപൈതലിനെയും എന്നെയും ഈ വിജനമായ മരുഭൂമിയിൽ തനിച്ചാക്കിയിട്ട് താങ്കൾ എവിടെ പോകുന്നു? ഉത്തരമില്ല, ആവർത്തിച്ചാവർത്തിച്ചു ചോദിച്ചിട്ടും ഉത്തരം നൽകാതെ, തിരിഞ്ഞു നോക്കാതെ നടക്കുകയാണ്. ഹാജറ ചോദിച്ചു: അല്ലാഹുവാണോ താങ്കളോട് ഇത് കൽപിച്ചത്? ഇബ്രാഹിം(عليه السلام) പ്രതിവചിച്ചു: അതെ.

ആ സമയം ആ മഹതി ദൃഢസ്വരത്തിൽ പറയുന്നു: എങ്കിൽ അവൻ ഞങ്ങളെ കൈവെടിയില്ല. അവർ തന്റെ പൊന്നോമനയുടെ അടുത്തേക്ക് തിരിച്ചു വരുന്നു. വിശന്നപ്പോൾ അവർ കൈവശമുണ്ടായിരുന്ന വെള്ളം കുടിക്കുകയും, കാരക്ക ഭക്ഷിക്കുകയും ചെയ്തു. അത് തീർന്നു പോയപ്പോൾ അവർക്ക് വിശന്നു, കുട്ടിയാണെങ്കിൽ ദാഹിച്ചു കരയാൻ ആരംഭിച്ചു. ഹാജറക്ക് വളരെയധികം പ്രയാസമായി. അവർ ചുറ്റുഭാഗത്തും നോക്കി ആരുമില്ല. തങ്ങളുടെ അടുത്ത് കണ്ട സഫായെന്ന മലയിലേക്ക് അതിനപ്പുറത്ത് ആരെങ്കിലുമുണ്ടോയെന്ന് നോക്കാനായി അതിലേക്ക് ഓടിക്കയറി. പക്ഷേ, അവിടെയെങ്ങും ആരുമുണ്ടായിരുന്നില്ല. അവിടെ നിന്നുമിറങ്ങി താഴ്‌വരയിലൂടെ നടന്ന് അടുത്ത് കണ്ട മറ്റൊരു മലയായ മർവ്വയിലേക്ക് ഓടിക്കയറി. പരിസരമാകെ വീക്ഷിച്ചു. അവിടെയും അവർക്ക് ആരെയും കാണാൻ സാധിച്ചില്ല. അവിടെ നിന്നുമിറങ്ങി വാവിട്ടു കരയുന്ന കുട്ടിയുടെ അടുത്തുവന്ന് നോക്കി, വീണ്ടും സഫയിലേക്ക് ... ഇങ്ങനെ ഏഴ് പ്രാവശ്യം തുടർന്നു. അവസാനം ഒരു ശബ്ദം കേൾക്കുന്നു. അങ്ങോട്ട് നോക്കിയപ്പോൾ അവിടെ (സംസമിന്റെ സ്ഥാനത്ത്) ഒരു മലക്ക് നിൽക്കുന്നു. ആ മലക്ക് തന്റെ പിൻവശംകൊണ്ട് അല്ലെങ്കിൽ ചിറക് കൊണ്ട് ചികയുന്നു, അങ്ങിനെ അവിടെ വെള്ളത്തിന്റെ ഉറവ പൊട്ടി ഒഴുകാൻ തുടങ്ങി. ഹാജറ ആ വെള്ളത്തെ തന്റെ കൈകൾകൊണ്ട് ഒരു തടമുണ്ടാക്കി അതിനെ തടഞ്ഞു നിറുത്തുകയുണ്ടായി...” (ബുഖാരിയിലെ സുദീർഘമായ ഹദീസിൽ നിന്ന്)

ഇങ്ങിനെ വളരെ അനുഗ്രഹീതമായി അല്ലാഹു നൽകിയതാണ് സംസം. അത് ബർക്കത്താക്കപ്പെട്ട ദൈവിക ദാനമാണെന്നതിൽ സംശയമില്ല.

**രണ്ടാമതും**

കാലപ്പഴക്കങ്ങൾകൊണ്ട് സംസം അപ്രത്യക്ഷമാവുകയാണ്. പിന്നീട് നബി(ﷺ)യുടെ പിതാമഹനായ അബ്ദുൽ മുത്തലിബിലൂടെയാണ് അല്ലാഹു വീണ്ടുമത് ജനങ്ങൾക്ക് നൽകിയതെന്ന് വിശ്വസനീയമായ ചരിത്ര

കൃതികളിലൂടെ മനസിലാക്കാൻ സാധിക്കുന്നു. അന്ന് മുതൽ ഇന്നു വരെ ലക്ഷോപലക്ഷമാളുകൾ അനുഗ്രഹീതമായ സംസം കുടിച്ചുകൊണ്ട് ബർക്കെത്തെടുത്തുകൊണ്ടിരിക്കുന്നു.

**ഹൃദയം കഴുകുന്നു**

റസൂൽ(ﷺ)യുടെ ജീവിതത്തിൽ രണ്ടു പ്രാവശ്യം അദ്ദേഹത്തിന്റെ നെഞ്ചു പിളർത്തിയ സംഭവമുണ്ടായിട്ടുണ്ട്. ഒന്ന് നുബുവ്വത്തിന് മുമ്പ് വളരെ ചെറുപ്പത്തിൽ കൂട്ടുകാരോടൊപ്പം ആടിനെ മേച്ച് നടന്നിരുന്ന വേളയിലും, മറ്റൊന്ന് നുബുവ്വത്തിന് ശേഷം മിഅ്റാജ് നടത്തിയ വേളയിലും. രണ്ടു പ്രാവശ്യവും നബി(ﷺ)യുടെ ഹൃദയം കഴുകിയത് സംസം വെള്ളം കൊണ്ടായിരുന്നുവെന്ന് ഇമാം മുസ്‌ലിം അടക്കമുള്ള മുഹദ്ദിസുകൾ സ്വഹീഹായ രൂപത്തിൽ അവരവരുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചതാണ്.

**ശ്രേഷ്ടതകൾ**

സംസം വെള്ളത്തിന് പ്രത്യേകതയുണ്ട്, ശ്രേഷ്ടതയുണ്ട്. ഇക്കാര്യത്തിൽ മുസ്‌ലീംകൾക്കിടയിൽ അഭിപ്രായാന്തരങ്ങളില്ല. ഇസ്‌ലാമിന്റെ കൃത്യമായ പ്രമാണങ്ങൾ മനസിലാക്കുന്ന ഏതൊരാൾക്കുമത് ബോധ്യമാവുന്ന കാര്യമാണ്.

ഇമാം മുസ്‌ലിം(رحمه الله) ഉദ്ധരിക്കുന്ന സുദീർഘമായ ഹദീസിൽ ഇപ്രകാരം കാണാം:

عن أبي ذر – رضي الله عنه – قال: قال رسول الله صلى الله عليه وسلم: إنها مباركة، إنها طعام طعم

അബൂദർറ്(رضي الله عنه)വിൽ നിന്ന്, റസൂലുല്ലാഹി(ﷺ) പറയുകയുണ്ടായി: "തീർച്ചയായും അത് (സംസം) അനുഗ്രഹീതമാണ്, തീർച്ചയായും അത് ഭക്ഷണത്തിന് ഭക്ഷണവുമാണ്".[1]

**രോഗശമനം**

സംസം വെള്ളം ഭക്ഷണത്തിന് വേണ്ടി കുടിക്കുന്നവർക്ക് ഭക്ഷണവും, രോഗ ശമനത്തിനായി കുടിക്കുന്നവർക്ക് രോഗ ശമനവുമാണ്.

وعن أبي ذر رضي الله عنه قال: قال رسول الله صلى الله عليه وسلم: زمزم طعام طعم وشفاء سقم

അബൂദർറ്(رضي الله عنه)വിൽ നിന്ന്: റസൂലുല്ലാഹി(ﷺ) പറഞ്ഞു: "സംസം ഭക്ഷണത്തിന് ഭക്ഷണവും, രോഗത്തിന് ശമനവുമാണ്"[2]

സംസം വെള്ളം രോഗശമനത്തിനായി കുടിക്കുകയാണെങ്കിൽ രോഗശമനമുണ്ടാവുമെന്നതിൽ സംശയമില്ല. ഒരുപാട് വിശ്വാസികൾക്ക് രോഗശമനമുണ്ടായതായി അനുഭവത്തിലൂടെ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ഹദീഥ് പണ്ഡിതനായിരുന്ന ശൈഖ് മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനിയുടെ അസുഖം നോമ്പനുഷ്ഠിക്കുകയും സംസം കുടിക്കുകയും ചെയ്തത് കാരണത്താൽ അല്ലാഹുവിന്റെ അനുമതിയോടെ ശിഫയായത് അദ്ദേഹം പലപ്പോഴും തന്റെ

1 മുസ്‌ലിം
2 ബസ്സാർ സ്വഹീഹായ സനദോടു കൂടി ഉദ്ധരിച്ചത്, ശൈഖ് അൽബാനി(رحمه الله) സ്വഹീഹാണെന്ന് പ്രസ്താവിച്ചു

ക്ലാസുകളിൽ പറഞ്ഞിരുന്നതാണ്; അത് കേൾക്കാൻ സാധിച്ചവർ ഇക്കാര്യം അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയതായും നമുക്ക് കാണാം.[3]

**ഭൂമിയിലെ ഏറ്റവും ഖൈറായ വെള്ളം**

ഭൂമിയിൽ അല്ലാഹു സൃഷ്ടിച്ച ജലങ്ങളിൽ ഏറ്റവും ശ്രേഷ്ടതയുള്ള വെള്ളമാണ് അനുഗ്രഹീതമായ സംസം. ഹദീസ് കാണുക:

عن ابن عباس رضي الله عنهما قال: قال رسول الله صلى الله عليه وسلم: خير ماء على وجه الأرض ماء زمزم فيه طعام الطعم وشفاء السقم

ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്ന്; റസൂലുല്ലാഹി(ﷺ) പറയുകയുണ്ടായി: "ഭൂമിയിൽ ഏറ്റവും ഖൈറായ (ഉത്തമവും, ശ്രേഷ്ടതയുമുള്ള) വെള്ളം സംസം വെള്ളമാണ്, അതിൽ ഭക്ഷണത്തിന് ഭക്ഷണവും, രോഗ ശമനവുമുണ്ട്"[4]

**ഉദ്ദേശത്തിനനുസരിച്ച്**

അല്ലാഹു മനുഷ്യർക്ക് നൽകിയ അനുഗ്രഹീതമായ വെള്ളമാണ് സംസം എന്ന വിശ്വാസത്തോടെ ഒരാൾ എന്തിനാണോ അത് കുടിക്കുന്നത് അതിനുള്ളതാണ് സംസം എന്ന് സ്വഹീഹായ ഹദീസിൽ നമുക്ക് കാണാവുന്നതാണ്.

عن جابِر بن عبد الله يقُولُ: سمعت رسولَ الله صلى الله علَيه وسلم يقُولُ: ماءُ زمزم لما شرب لَه

ജാബിറുബ്നു അബ്ദുല്ലാഹ്(ﷺ)വിൽ നിന്ന്, പറയുന്നു: 'റസൂലുല്ലാഹി(ﷺ) പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: 'സംസം വെള്ളം എന്തിനാണോ കുടിക്കുന്നത് അതിനുള്ളതാകുന്നു അത്'.[5]

ഇമാം ഇബ്നുൽ ഖയ്യിം(رحمه الله) തന്റെ സാദുൽ മആദിൽ ഇപ്രകാരം പറയുന്നു:

"وقد جربت أنا وغيري من الاستشفاء بماء زمزم أمورا عجيبة واستشفيت به من عدة أمراض فبرأت بإذن الله وشاهدت من يتغذى به الأيام ذوات العدد قربا من نصف الشهر أو أكثر ولا يجد جوعا ويطوف مع الناس كأحدهم وأخبرني أنه ربما بقي عليه أربعين يوما وكان له قوة يجامع بها أهله ويصوم ويطوف مرارأ...

"സംസം വെള്ളം കൊണ്ട് ഞാനും മറ്റുള്ളവരും ഒരുപാട് രോഗങ്ങൾക്കായി പരീക്ഷണം നടത്തിയപ്പോൾ അത്ഭുതകരമായ ഒരുപാട് കാര്യങ്ങളാണ് കാണാൻ സാധിച്ചത്, ഒരുപാട് രോഗങ്ങൾക്ക് സംസം കുടിച്ചപ്പോൾ അല്ലാഹുവിന്റെ അനുമതിയോടെ ആ രോഗമെല്ലാം സുഖമാവുകയുണ്ടായി. അതുപോലെ ഭക്ഷണമായി സംസം മാത്രം അര മാസമോ, അതിലധികമോ കുടിച്ചവരെ ഞാൻ കാണുകയുണ്ടായി,

3 ماء زمزم معجزات وأسرار للشيخ/ د. أحمد بن سالم بادويلان എന്ന ഗ്രന്ഥം കാണുക.

4 ത്വബ്റാനി തന്റെ അൽകബീറിൽ ഉദ്ധരിച്ചത്. ഇതിലെ റിപ്പോർട്ടർമാരെല്ലാം ഹദീഥ് സ്വീകരിക്കപ്പെടാനുള്ള നിബന്ധനകൾ ഉള്ളവരാകുന്നു. ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിലും ഈ ഹദീഥ് ഉദ്ധരിച്ചിട്ടുണ്ട്. ശൈഖ് അൽബാനി ഈ ഹദീഥ് ഹസനാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

5 ഇബനുമാജ, അഹ്മദ്, ഈ ഹദീസ് സ്വഹീഹാണെന്ന് ഇമാം അൽബാനി പ്രസ്താവിച്ചിരിക്കുന്നു.

അവർക്ക് വിശപ്പനുഭവപ്പെട്ടിരുന്നില്ല, അവർ ജനങ്ങളോടൊപ്പം ത്വവാഫ് ചെയ്യുകയും ചെയ്തിരുന്നു. അവരിൽ ഒരാൾ എന്നോട് പറയുകയുണ്ടായി: നാൽപത് ദിവസം സംസം മാത്രം കുടിച്ചപ്പോൾ തന്റെ ഭാര്യയുമായി ബന്ധപ്പെടാനും, ധാരാളം നോമ്പനുഷ്ടിക്കാനും, ത്വവാഫ് ചെയ്യാനും സാധിച്ചിരുന്നു...”[6]

സംസം വെള്ളം കുടിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങൾ വിശദമാക്കുന്ന ഒരുപാട് ഉദ്ധരണികൾ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. അതുപോലെ സംസം വെള്ളം കുടിച്ചപ്പോൾ കാൻസർ പോലെയുള്ള മാരകമായ രോഗങ്ങൾ ശിഫയായ അനുഭവങ്ങളുള്ള ധാരാളമാളുകൾ ലോകത്തിന്റെ വ്യത്യസ്ഥ ഭാഗങ്ങളിലുണ്ട്. അവരിൽ പലയാളുകളും ലോകത്തോട് സംസമിന്റെ ബർക്കത്തും, പ്രത്യേകതയും പങ്കുവെക്കുകയും ചെയ്തിട്ടുണ്ട്. അതൊന്നും ദൈർഘ്യം ഭയന്ന് ഇവിടെ വിശദമാക്കാൻ ഉദ്ധേശിക്കുന്നില്ല.

**റസൂൽ(ﷺ) സംസം കുടിക്കുന്നു**

മഹാനായ റസൂലുല്ലാഹി(ﷺ) ഹജ്ജിന്റെയും ഉംറയുടെയും വേളയിലും, അതല്ലാത്ത മറ്റു സന്ദർഭങ്ങളിലും സംസം കുടിച്ചിട്ടുണ്ട്. ഹദീസ് കാണുക:

عن ابن عباسٍ رضي الله عنهما قَالَ: سقَيت رسولَ الله صلى الله علَيه وسلم من زمزم فَشرِب وهو قَائم

ഇബ്നു അബ്ബാസ്(ؓ)വിൽ നിന്ന്: “ഞാൻ റസൂലുല്ലാഹി(ﷺ)ക്ക് സംസം കുടിക്കാൻ കൊടുക്കുകയുണ്ടായി, തിരുമേനി നിന്നുകൊണ്ടത് കുടിക്കുകയുണ്ടായി”[7]

عن ابنِ عباسٍ رضي الله عنهما قَالَ: أَن النبِي صلى الله علَيه وسلم شرِب من زمزم من دلْوٍ منها وهو قَائم

ഇബ്നു അബ്ബാസ്(ؓ)വിൽ നിന്ന്; അദ്ദേഹം പറഞ്ഞു: “നബി(ﷺ) നിന്നുകൊണ്ട് ബക്കറ്റിൽ നിന്നും സംസം കുടിക്കുകയുണ്ടായി”[8]

حديث أسامة: " أن رسول الله صلى الله عليه وآله وسلم دعا بسجل من ماء زمزم فشرب منه وتوضأ "

ഉസാമ(ؓ)യിൽ നിന്ന്: “റസൂലുല്ലാഹി(ﷺ) സംസം വെള്ളത്തിന്റെ പാത്രം കൊണ്ടുവരാൻ ആവശ്യപ്പെട്ടു, അങ്ങിനെ അതിൽ നിന്ന് കുടിക്കുകയും, ശേഷം വുദു ചെയ്യുകയും ചെയ്തു”[9]

**സംസം; മക്കയിൽ നിന്ന് പുറത്ത് കൊണ്ടുപോകൽ**

അനുഗ്രഹീതമായ സംസം മക്കയിൽ നിന്ന് റസൂലുല്ലാഹി(ﷺ)യും, വിശ്വാസികളുടെ മാതാക്കളും, സ്വഹാബികളും, താബിഉകളും തോൽ സഞ്ചിയിലും കുപ്പികളിലും ചെറിയ പാത്രങ്ങളിലും മറ്റുമായി

---

6 സാദുൽ മആദ് 4/356

7 ബുഖാരി

8 മുസ്‌ലിം, كتاب الأشربة

9 അലിയ്യിൽ നിന്നും അഹ്മദ് റിപ്പോർട്ട് ചെയ്തത്. പേ:9. ഹസൻ. ഇമാം അഹ്മദിന്റെ പുത്രനായ അബ്ദുല്ല ‘സവാഇദുൽ മുസ്നദി’(76/1)ൽ റിപ്പോർട്ട് ചെയ്തത്.

ബർക്കത്തിനായി അവരുടെ നാടുകളിലേക്ക് കൊണ്ടുപോയിരുന്നു. രോഗികൾക്കും മറ്റും കുടിക്കാൻ കൊടുക്കുകയും ചെയ്തിരുന്നു. അതിനുള്ള തെളിവ് കാണുക:

عن هشامِ بنِ عروةَ عن أَبِيه : أَن عائشةَ كَانت تحملُ ماءَ زمزم وتخبِر أَن رسولَ الله -صلى الله عليه وسلم- كَانَ يفْعلُه. ورواه غَيره عن أَبِى كُريبٍ وزاد فيه : حملَه رسولُ الله -صلى الله عليه وسلم- فى الأَداوى والْقربِ وكَانَ يصب علَى الْمرضى ويسقيهم

ഹിശാമ്ബ്നു ഉർവ്വ: തന്റെ പിതാവിൽ നിന്നും: “ആയിശാ(ﷺ) സംസം കൂടെ കൊണ്ടു പോകാറുണ്ടായിരുന്നു, അതുപോലെ റസൂലുല്ലാഹി(ﷺ)യും അപ്രകാരം ചെയ്യാറുണ്ടായിരുന്നുവെന്ന് അവർ (ആയിശാ(ﷺ)) പറയാറുണ്ടായിരുന്നു.” മറ്റുള്ളവരും ഇതുദ്ധരിച്ചിട്ടുണ്ട്, അബൂകുറൈബിൽ നിന്നുമുള്ള റിപ്പോർട്ടിൽ ഇതുകൂടി വർദ്ധിപ്പിച്ചിരിക്കുന്നു: “നബി(ﷺ) (സംസം) ചെറിയ പാത്രങ്ങളിലും, കുപ്പികളിലും വഹിച്ചുകൊണ്ടുപോകാറുണ്ടായിരുന്നു. റസൂലുല്ലാഹി(ﷺ) രോഗികളിൽ സംസം ഒഴിക്കുകയും, അവർക്ക് കുടിക്കാൻ കൊടുക്കുകയും ചെയ്യാറുണ്ടായിരുന്നു”.[10]

മഹാനായ ഇമാം മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി(رحمه الله) പറയുന്നു:

وله أن يحمل معه ماء زمزم ما تيسر له تبركاً به ، فقد : (( كان رسول الله صلى الله عليه وسلم يحمله معه في الأداوي والقرب ، وكان يصب على المرضى ويسقيهم )) أخرجه البخاري في (( التاريخ )) والترمذي وحسنه من حديث عائشة رضي الله عنها وهو مخرج في (( الأحاديث الصحيحة )) ( 883 ) . بل إنه : (( كان يرسل وهو بالمدينة قبل أن تفتح مكة إلى سهيل بن عمرو : أن أهد لنا من ماء زمزم ولا تترك ، فيبعث إليه بمزادتين )) (أخرجه البيهقي بإسناد جيد عن جابر رضي الله عنه . وله شاهد مرسل صحيح في (( مصنف عبد الرزاق )) ( 9127 ) ، وذكر ابن تيمية أن السلف كانوا يحملونه . (مناسك الحج والعمرة في الكتاب والسنة وآثار السلف وسرد ما ألحق الناس بها من البدع - للشيخ/ محمد ناصر الدين الألباني)

“ബർക്കത്ത് (അനുഗ്രഹം) പ്രതീക്ഷിച്ചുകൊണ്ട് ആർക്കെങ്കിലും കഴിയുമെങ്കിൽ സംസം വെള്ളം വഹിച്ചുകൊണ്ടു പോകാവുന്നതാണ്. കാരണം: (റസൂലുല്ലാഹി(ﷺ) ചെറിയ പാത്രങ്ങളിലും, വെള്ളമെടുക്കാനുപയോഗിക്കുന്ന പാത്രങ്ങളിലും സംസം കൂടെ കൊണ്ടുപോകാറുണ്ടായിരുന്നു, അങ്ങിനെ രോഗികളുടെ ശരീരത്തിൽ ഒഴിക്കുകയും, അവർക്ക് അത് കുടിക്കാൻ കൊടുക്കുകയും ചെയ്തിരുന്നു. (ഇമാം ബുഖാരി തന്റെ താരീഖിൽ ഉദ്ധരിച്ചിട്ടുണ്ട്. തിർമിദി ഹസനാണെന്ന് പറഞ്ഞിരിക്കുന്നു, ആയിശാ(ﷺ)യുടെ ഹദീഥിൽ നിന്ന്. അത് ‘അൽ അഹാദീഥു സ്വഹീഹാ’യിൽ 883 ാം നമ്പറായി ചേർത്തിട്ടുണ്ട്). മാത്രമല്ല; നബി(ﷺ) മദീനയിലായിരിക്കെ മക്കാ വിജയിച്ചടക്കുന്നതിന് മുമ്പ് സുഹൈലയബ്നു അംറിന്റെയടുത്തേക്ക് ദൂതന്മാരെ പറഞ്ഞയക്കാറുണ്ടായിരുന്നു; ‘ഞങ്ങൾക്ക് നിങ്ങൾ സംസം സമ്മാനമായി കൊടുത്തയക്കണം, ഉപേക്ഷിക്കരുത്, തിരുദൂതരിലേക്ക് രണ്ട് തോൽ സഞ്ചി നിറയെ സംസം കൊടുത്തയക്കുകയും ചെയ്തിരുന്നു’. (ജാബിർ(ﷺ)വിൽ നിന്ന് ജയ്യിദായ സനദോടെ ഇമാം ബൈഹഖി റിപ്പോർട്ട് ചെയ്തത്. മുസന്നഫ് അബ്ദുർറസാഖിൽ സ്വഹീഹും മുർസലുമായ ഒരു

10 ഇമാം അൽബാനി അദ്ദേഹത്തിന്റെ ‘സിൽസിലത്തു സ്വഹീഹയിൽ 2/572 കൊടുത്തിട്ടുണ്ട് ഈ റിപ്പോർട്ട്. ഇമാം തിർമിദി തന്റെ സുനനിലും 1/180, ഇമാം ബുഖാരി തന്റെ താരീഖുൽ കബീറിലും 2/1-173, ബൈഹഖിയും 5/202 ഇത് ഉദ്ധരിച്ചിട്ടുണ്ട്.

തെളിവ് കൂടിയുണ്ട് (9127). ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ്യ: പറയുന്നു: സലഫുകൾ (മുൻഗാമികൾ) (സംസം) വഹിച്ചു കൂടെ കൊണ്ടുപോകാറുണ്ടായിരുന്നു”[11]

ഇബ്നു അബ്ബാസ്(ﷺ)ന്റെയടുത്ത് വിരുന്നുകാർ വന്നാൽ സംസംമായിരുന്നു കുടിക്കാൻ കൊടുത്തിരുന്നത്. ഹബീബ് ഇബ്നു അബൂഥാബിത് അത്വാഅ് ബ്നു അബൂറബാഅ് സംസം മക്കക്ക് പുറത്തുകൊണ്ടു പോകുന്നതിനെ സംബന്ധിച്ച് പറയുകയുണ്ടായി: “റസൂലുല്ലാഹി(ﷺ) സംസം കൂടെ കൊണ്ടുപോകാറുണ്ടായിരുന്നു. ഹസൻ, ഹുസൈൻ(ﷺ) എന്നിവരും സംസം കൂടെ കൊണ്ടു പോകാറുണ്ടായിരുന്നു. ഇതിന് തെളിവായി ഇമാം ബുഖാരി തന്റെ താരീഖിൽ ഉദ്ധരിച്ച ആയിശാ(ﷺ)യുടെ ഹദീഥാകുന്നു”.[12]

ഇമാം അൽഫാസി പറയുന്നു: നാല് മദ്അബിന്റെയും യോജിച്ച തീരുമാനമാണ് സംസം മക്കയിൽ നിന്ന് മറ്റു സ്ഥലങ്ങളിലേക്ക് കൊണ്ടുപോകൽ അനുവദനീയമാണ് എന്നത്. മാത്രമല്ല; മാലികി, ശാഫിഈ മദ്അബിൽ അത് സുന്നത്താകുന്നു. കഅബുൽ അഹ്ബാർ തന്റെ കൂടെ ശാമിലേക്ക് സംസം വഹിച്ചു കൊണ്ടുപോയിരുന്നതായി അത്വാഇൽ നിന്നുള്ള റിപ്പോർട്ടുണ്ട്.[13]

റസൂൽ(ﷺ)യും സ്വഹാബികളും താബിഉകളും സലഫുകളും മക്കയിൽ നിന്ന് തങ്ങളുടെ രാജ്യങ്ങളിലേക്ക് സംസം വെള്ളം കൂടെ കൊണ്ടുപോയിരുന്നുവെന്ന് നമുക്ക് വ്യക്തമായി മനസ്സിലാക്കാനായി. ഇബ്രാഹിം(عليه السلام)യുടെ കാലം മുതൽ തുടർന്നുകൊണ്ടിരിക്കുന്ന ഒരു സംഗതിയാണിത്. എല്ലാ വർഷവും അല്ലാഹുവിന്റെ അഥിതികളായ ലക്ഷക്കണക്കിന് ഹാജിമാർ തങ്ങളുടെ കൂടെ അനുഗ്രഹീതമായ സംസം ബർക്കെത്തെടുക്കാനും രോഗ ശമനത്തിനുപ യോഗിക്കാനുമായി അവരവരുടെ നാടുകളിലേക്ക് കൊണ്ടുപോകുന്നു. മുഴുവൻ രാജ്യങ്ങളിലെ അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാരും ഇത് അംഗീകരിച്ചവരാണ്. പിന്നെ കേരളത്തിലെ ഏതെങ്കിലും മുറിമൊല്ലമാർ സംസം അനുഗ്രഹീതമല്ല, സംസത്തിൽ രോഗ ശമനമില്ല, അത് സാധാരണ വെള്ളമാണ് എന്നെല്ലാം വാദിച്ചാൽ സംസത്തിന് അല്ലാഹു നിശ്ചയിച്ചിട്ടുള്ള പ്രത്യേകത ഇല്ലാതായി തീരുകയില്ലായെന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും.

### ശാസ്ത്രീയ വശം

വിശ്വാസികൾക്ക് ഖുർആനും തിരുസുന്നത്തും ഒരു കാര്യം പറഞ്ഞുവെന്ന് ബോധ്യപ്പെട്ട് കഴിഞ്ഞാൽ അത് സ്വീകരിക്കാൻ യാതൊരു പ്രയാസവുമുണ്ടാവില്ല. ഇസ്‌ലാമിക പ്രമാണങ്ങളിൽ എത്ര തെളിവുണ്ടായാലും അത് സ്വീകരിക്കാൻ മടിയുള്ള ചിലയാളുകൾ ശാസ്ത്രം പറയുന്നുവെന്ന് കേട്ടാൽ അത് യാഥാർത്ഥ്യത്തിനു വിരുദ്ധമാണെങ്കിലും അതപ്പടി വിഴുങ്ങും. അവരോടായി പറയട്ടെ, ഒരുപാട് രാജ്യങ്ങളിൽ മുസ്‌ലിങ്ങളും, അമുസ്‌ലിങ്ങളുമായിട്ടുള്ള ഒട്ടനേകം ശാസ്ത്രജ്ഞർ സംസം വെള്ളത്തെ നിരവധി തവണകളിലായി പരീക്ഷണ, ഗവേഷണത്തിന് വിധേയമാക്കിയിട്ടുണ്ട്. ആ ശാസ്ത്രജ്ഞരെല്ലാം വാർത്താമാധ്യമങ്ങളിലൂടെ പുറത്ത് വിട്ട വാർത്ത ഏതൊരാളെയും ആശ്ചര്യപ്പെടുത്തുന്നവയാണ്. സാധാരണ വെള്ളത്തിൽ നിന്ന് തികച്ചും വ്യത്യസ്ഥമായ മൂലകങ്ങളടങ്ങിയ അൽഭുതകരവും അനുഗ്രഹീതവുമായ പാനീയം തന്നെയാണ് സംസം എന്നാണവർക്ക് ബോധ്യമായത്. അവയെല്ലാം വിശദമാക്കുകയാണെങ്കിൽ അതിന് മാത്രമായി ഒരു ഗ്രന്ഥ രചന തന്നെ നടത്തേണ്ടി വരുന്നതാണ്.

---

11 ഇമാം മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി(رحمه الله)യുടെ مناسك الحج والعمرة في الكتاب والسنة وآثار السلف وسرد ما ألحق الناس بها من البدع

12 ഡോ: അഹ്മദ്ബ്നു സാലിം ബാദ്വീലാന്റെ ‘മാഉ സംസം മുഅ്ജിസാത്ത് വ അസ്റാർ’ എന്ന ഗ്രന്ഥം

13 ഡോ: അഹ്മദ്ബ്നു സാലിം ബാദ്വീലാന്റെ ‘മാഉ സംസം മുഅ്ജിസാത്ത് വ അസ്റാർ’ എന്ന ഗ്രന്ഥം

**ഉറവകൾ**

ഇബ്രാഹിം(ﷺ)യുടെ കാലം മുതൽ ഇന്നുവരെ വറ്റാത്ത ഉറവകളാൽ സമ്പന്നമാണ് സംസം. ഓരോ ദിവസവും എത്ര ലിറ്റർ വെള്ളമാണ് സംസം കിണറിൽ നിന്ന് ആളുകൾക്ക് ഉപയോഗിക്കുവാൻ കൊടുക്കുന്നത്. പ്രത്യേകിച്ച് റമളാനിലും ഹജ്ജിനും ലോകത്തിന്റെ വ്യത്യസ്ഥ നാടുകളിൽ നിന്ന് വരുന്ന മില്ല്യൻ കണക്കിനാളുകളാണ് സംസം കുടിക്കുന്നതും, ഉപയോഗിക്കുന്നതും, അവരവരുടെ നാടുകളിലേക്ക് കാനുകളിലും മറ്റുമായി കൊണ്ടുപോകുന്നതും. എന്നിട്ടും ഒരിക്കൽപോലും വറ്റാത്ത ഉറവകളാൽ അനുഗ്രഹീതമാണ് സംസം. സംസമിന്റെ ഉറവകളെ സംബന്ധിച്ച് പഠിച്ചവർ വ്യക്തമാക്കുന്നത് സംസം കിണറിലേക്കുള്ള പ്രധാനപ്പെട്ട ഉറവ വരുന്നത് കഅ്ബയുടെ ഭാഗത്തെ ഹജറുൽ അസ്‌വദിന്റെ ഭാഗത്ത് നിന്നാകുന്നു എന്നാണ്. പിന്നെയുള്ള ഉറവകൾ ജബൽ അബൂ ഖുബൈിന്റെയും, സ്വഫാ മർവയുടെയും ഭാഗങ്ങളിൽ നിന്നാകുന്നു.

**ത്വവാഫിന് ശേഷം സംസം കുടിക്കൽ**

ഇസ്‌ലാം വിശ്വാസികൾക്ക് നിർബ്ബന്ധമാക്കിയ കർമ്മമാണല്ലോ ഹജ്ജും ഉംറയും. ജീവിതത്തിൽ ഒരിക്കലെങ്കിലും അതിന്റെ നിബന്ധനകൾ പൂർത്തിയായവർ പ്രസ്തുത കർമ്മം നിർവ്വഹിക്കേണ്ടതുണ്ട്. അത് എങ്ങിനെ ചെയ്യണമെന്ന് നബി(ﷺ) കൃത്യമായി പഠിപ്പിച്ചിട്ടുണ്ട്. ത്വവാഫിന് ശേഷം സംസം കുടിക്കുന്നത് അതിന്റെ ഭാഗമാണ്. അല്ലാഹുവിന്റെ റസൂൽ(ﷺ)യും, സ്വഹാബികളും(رضي الله عنهم), സലഫുകളും അങ്ങിനെ ചെയ്തിട്ടുണ്ട്.

عن ابن عباسٍ رضي الله عنهما قَالَ: أن النبي صلى الله علَيه وسلم شرب من زمزم من دلْو منها وهو قائم

ഇബ്നു അബ്ബാസ്(رضي الله عنه)വിൽ നിന്ന്; അദ്ദേഹം പറഞ്ഞു: "നബി(ﷺ) നിന്ന് കൊണ്ട് ബക്കറ്റിൽ നിന്നും സംസം കുടിക്കുകയുണ്ടായി"[14]

ഹജ്ജിന്റെയും ഉംറയുടെയും കർമ്മങ്ങൾ വിശദീകരിക്കുന്ന അഹ്‌ലുസ്സുന്നത്തി വൽ ജമാഅ:യുടെ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിലെല്ലാം തന്നെ ത്വവാഫിനു ശേഷം മഖാമു ഇബ്റാഹീമിന്റെ പിന്നിലുള്ള രണ്ടു റകഅത്ത് നമസ്കാരത്തിനു ശേഷം വയറ് നിറയെ സംസം കുടിക്കുകയെന്നത് സുന്നത്തായി രേഖപ്പെടുത്തിയതായി കാണാം. നബി(ﷺ) അങ്ങിനെ സംസം കുടിച്ചിരുന്നുവെന്നതിന് മുകളിൽ കൊടുത്തിരിക്കുന്ന ഹദീഥിന്റെ അടിസ്ഥാനത്തിലാണ് അവർ അത് രേഖപ്പെടുത്തിയിരിക്കുന്നത്.[15]

മഹാനായ മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി (رحمه الله) പറയുന്നത് കാണുക:

ثم إذا فرغ من الصلاة ذهب إلى زمزم فشرب منها، و صب على رأسه، فقد قال صلى الله عليه و سلم: "ماء زمزم لما شرب له") 1414حديث صحيح كما قال جمع من الأئمة، و قد خرجته و تكلمت على طرقه في "إرواء الغليل" (1123) و أحدها في "الصحيحة"(883)

14 മുസ് ലിം, كتاب الأشربة

15 ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസി(رحمه الله)ന്റെ التحقيق والايضاح لكثير من مسائل الحج والعمرة والزيارة എന്ന ഗ്രന്ഥവും, ശൈഖ് മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി(رحمه الله)യുടെ حجة النبي صلى الله عليه وسلم كما رواها عنه جابر رضي الله عنه എന്ന ഗ്രന്ഥത്തിലും, مناسك الحج والعمرة എന്ന ഗ്രന്ഥത്തിലും ഇത് കാണാവുന്നതാണ്.

“നമസ്കാരത്തി(ത്വവാഫിന് ശേഷമുള്ള രണ്ട് റകഅത്തി)ൽ നിന്ന് വിരമിച്ചപ്പോൾ തിരുമേനി(ﷺ) സംസമിന്റെയടുത്ത് പോയി സംസം കുടിക്കുകയും, തന്റെ ശിരസ്സിൽ സംസം ഒഴിക്കുകയും ചെയ്തു. റസൂലുല്ലാഹി(ﷺ) പറയുകയുണ്ടായി: ‘സംസം വെള്ളം എന്തിനാണോ കുടിക്കുന്നത് അതിനുള്ളതാകുന്നു’. (ഒരു കൂട്ടം പണ്ഡിതന്മാർ പറഞ്ഞത് പോലെ ഈ ഹദീഥ് സ്വഹീഹാണ്, ഇർവാഉൽ ഗലീൽ എന്ന ഗ്രന്ഥത്തിൽ ഈ ഹദീഥിന്റെ തഖ്‌രീജും, അതിന്റെ വിശദീകരണവും ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. ‘അസ്സ്വഹീഹാ’ എന്ന ഗ്രന്ഥത്തിലാണ് ഒന്നുള്ളത്.)”[16]

و قال: " إنها مباركة و هي طعام طُعم، وشفاء سقم

തിരുമേനി(ﷺ) പറഞ്ഞു: “തീർച്ചയായും അത് (സംസം) അനുഗ്രഹീതമാണ്, അത് ഭക്ഷണത്തിന് ഭക്ഷണവുമാണ്” (രോഗത്തിന് ശമനവുമാണ്)”.[17]

و قال: "خير ماء على وجه الأرض ماء زمزم، فيه طعام الطعم، و شفاء السقم

തിരുമേനി(ﷺ) പറഞ്ഞു: “ഭൂമിയിൽ ഏറ്റവും ശ്രേഷ്ടതയുള്ള വെള്ളം സംസം വെള്ളമാകുന്നു. അതിൽ ഭക്ഷണത്തിന് ഭക്ഷണവും, രോഗത്തിന് ശമനവുമുണ്ട്”[18]

**സംശയങ്ങളും മറുപടികളും**

ആധുനികരും പൗരാണികരുമായിട്ടുള്ള അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരോട് സംസം വെള്ളത്തപ്പറ്റിയും, അതിന്റെ ശ്രേഷ്ടതയെപ്പറ്റിയും ചോദിച്ചപ്പോൾ നൽകിയ വിശദമായ മറുപടികൾ നമുക്ക് ഫതാവകൾ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. ദൈർഘ്യം ഭയന്നത് കൊണ്ട് ഇവിടെ എടുത്ത് ഉദ്ധരിക്കാൻ ഉദ്ധേശിക്കുന്നില്ല. ഇനിയും സംശയമുള്ളവർ ഗ്രന്ഥങ്ങൾ പരതി നോക്കട്ടെ.

ജാബിറുബ്നു അബ്ദുല്ലാഹ്(ﷺ) ഉദ്ധരിക്കുന്ന താഴെ വരുന്ന ഹദീഥ് കേരളത്തിലെ അഖലിയാക്കൾ നിഷേധിക്കുന്ന ഹദീസുകളിൽ പെട്ട ഒന്നാണ്:

عن جابِر بن عبد الله يقُولُ: سمعت رسولَ الله صلى الله علَيه وسلم يقُولُ: ماءُ زمزم لما شرِب لَه

ജാബിറുബ്നു അബ്ദുല്ലാഹ്(ﷺ)വിൽ നിന്ന്, പറയുന്നു: “റസൂലുല്ലാഹ്(ﷺ) പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: ‘സംസം വെള്ളം എന്തിനാണോ കുടിക്കുന്നത് അതിനുള്ളതാകുന്നു അത്.’”[19]

ഈ ഹദീഥ് ളഈഫ് (ദുർബ്ബലം) ആണെന്ന് അഭിപ്രായപ്പെട്ടവരിൽ ഒരാളാണ് ‘അബൂ ഹഫ്സ് അൽവർറാനി’. അദ്ദേഹം ‘മുഗ്നി’യിൽ പറയുന്നു: ഈ വിഷയത്തിൽ റസൂലുല്ലാഹി(ﷺ)യിൽ നിന്ന്

16 ഇമാം മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി(رحمه الله)യുടെ مناسك الحج والعمرة في الكتاب والسنة وآثار السلف وسرد ما ألحق الناس بها من البدع

17 സ്വഹീഹായ ഹദീഥാണ്. ത്വയാലിസിയും മറ്റുള്ളവരും ഈ ഹദീഥ് ഉദ്ധരിച്ചിട്ടുണ്ട്. ‘അസ്സ്വഹീഹാ’ എന്ന ഗ്രന്ഥത്തിൽ 1056 ാം നമ്പറായി കൊടുത്തിട്ടുണ്ട്.

18 ‘അൽമുഖ്താറ’ എന്ന ഗ്രന്ഥത്തിൽ ‘ളിയാഹ്’ ഉദ്ധരിച്ചിരിക്കുന്നു. അത്പോലെതന്നെ ‘അസ്സ്വഹീഹ’യിൽ ഉദ്ധരിച്ചിട്ടുണ്ട്.

19 ഇബ്നുമാജ, അഹ്‌മദ്, ഈ ഹദീസ് സ്വഹീഹാണെന്ന് ഇമാം അൽബാനി പ്രസ്താവിച്ചിരിക്കുന്നു.

ഒന്നും തന്നെ വന്നിട്ടില്ല..., അതുപോലെ 'ഇമാം നവവിയും, അദ്ദേഹം 'മജ്മൂഇൽ'പറയുന്നു: 'ജാബിറി'ൽ നിന്നും 'ഇമാം ബൈഅഖി' ളഈഫ് (ദുർബ്ബലം) ആയ സനദോടെ ഇത് ഉദ്ധരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: 'അബ്ദുല്ലാഹ്ബ്നു അൽ മഅ്മൽ' മാത്രമാണ് ഇത് ഉദ്ധരിച്ചത്, അദ്ദേഹമാകട്ടെ ളഈഫ് (ദുർബ്ബലൻ) ആകുന്നു.

ഈ ദുർബ്ബലമാക്കൽ – അല്ലാഹുവാണ് ഏറ്റവും അറിവുള്ളവൻ – ഈ സനദിലൂടെ വന്നത് മാത്രമാണ്. അതിൽ തർക്കമില്ല. എന്നാൽ ഈ ഹദീഥ് വ്യത്യസ്ഥ പരമ്പരയിലൂടെ വന്നതും, മറ്റു തെളിവുകളും പരിഗണിച്ചു കൊണ്ട് 'ഹസനാ'ണെന്നും, അല്ലെങ്കിൽ 'സ്വഹീഹാണെ'ന്നും അഭിപ്രായപ്പെട്ടവരുണ്ട്. അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ ഈ ഹദീഥിന്റെ തഖ്രീജ് നടത്തിയത് പരിശോധിച്ചാൽ പിന്നെ അതിന്റെ സ്വീകാര്യതയിൽ സംശയമുണ്ടാകാൻ തരമില്ല . അല്ലെങ്കിൽ ഇമാം നവവി തന്നെ തന്റെ 'തഹ്ദീബുൽ അസ്മാഅ്'ൽ ഇങ്ങനെ പറയുമോ: 'സംസം വെള്ളം എന്തിനാണോ കുടിക്കുന്നത് അതിനാണ് അത്' എന്നതിന്റെ ആശയം എന്ത് ഉദ്ദേശത്തിനാണോ കുടിക്കുന്നത് അത് ലഭിക്കുന്നതാണ്. അത് ഒരുപാട് പണ്ഡിതന്മാരും, സ്വാലിഹീങ്ങളും പരീക്ഷിക്കുകയും ഐഹികവും പാരത്രികവുമായ ആവശ്യങ്ങൾക്കായി കുടിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും, ഔദാര്യം കൊണ്ടും ഫലം നേടിയെടുത്തുട്ടുള്ള സംഗതിയാണ്, അവനാണ് സർവ്വ സ്തുതിയും.

ആയതിനാൽ വിശ്വാസികളെ ഒരിക്കൽ കൂടി ഉണർത്തട്ടെ; ഇസ്‌ലാമിക പ്രമാണങ്ങളിൽ ഒരു കാര്യം ഉണ്ടെന്ന് കൃത്യമായി തെളിഞ്ഞു കഴിഞ്ഞാൽ അത് നാം സ്വീകരിക്കുക. അതാണ് നമ്മുടെ രക്ഷക്കും മോക്ഷത്തിനുമായി നാം സ്വീകരിക്കേണ്ട മാർഗം.